## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1559 — 13.07.2011 - ൽ മറുപടിക്ക്

### <u>നിലത്തെഴുത്ത് ആശാൻമാരുടെ പ്രതിമാസ വേതനം ഉയർത്തുന്നതിന് നടപടി</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.സി.വിഷ്ണുനാഥ് | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ നിലത്തെഴുത്ത് ആശാൻമാർക്കും ആശാട്ടിമാർക്കും നിലവിൽ പഞ്ചായത്തിൽ നിന്നും പ്രതിമാസം എത്ര രൂപയാണ് വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കേരളത്തിലെ നിലത്തെഴുത്ത് ആശാൻമാർക്കും ആശാട്ടിമാർക്കും നിലവിൽ 200/- രൂപ ഗ്രാന്റ് നൽകി വരുന്നു. |
| (ബി) | ഇവരുടെ പ്രതിമാസ വേതനം ആയിരം രൂപയായി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (ബി) | സർക്കാർ ഇക്കാര്യം പരിശോധിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര പേർ പ്രസ്തുത ധനസഹായം കൈപ്പറ്റുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്ത് നിലവിൽ 2233 പേർക്ക് പ്രതിമാസ ഗ്രാന്റ് നൽകി വരുന്നു. |
| (ഡി) | പ്രസ്തുത വേതന വർദ്ധന കൊണ്ട് അധിക സാമ്പത്തിക ബാദ്ധ്യത എത്രയാകും എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഗ്രാന്റ് വർദ്ധനയിൽ തീരുമാനമെടുക്കുമ്പോൾ മാത്രമേ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്താനാവൂ. |

സെക്ഷൻ ഓഫീസർ